(ബി) എത്ര കാലത്തിനുള്ളിൽ വൈദ്യുതിയുടെ പ്രസരണനഷ്ടം അനുവദനീയമായ പരിധിക്കുള്ളിൽ കൊണ്ടുവരാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(സി) അതിനുവേണ്ടി ഒരു ആക്ഷൻ പ്ലാനിന് രൂപം കൊടുത്തിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമാക്കുമോ ;

(ഡി) ആക്ഷൻ പ്ലാൻ തയ്യാറാക്കാത്തപക്ഷം അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ സബ് സ്റ്റേഷനുകൾക്ക് സ്ഥാപിച്ചും കൂടുതൽ ശേഷിയുള്ള പ്രസരണ ലൈനുകൾ നിർമ്മിച്ചും കപ്പാസിറ്ററുകൾ സ്ഥാപിച്ചും, എച്ച്.ടി.-എൻ.ടി. അനുപാതം കുറച്ചും പ്രസരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടുത്ത മൂന്ന് വർഷത്തിനകം പ്രസരണ നഷ്ടം അനുവദനീയമായ പരിധിക്കുള്ളിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ പ്രസരണ നഷ്ടമായ 6.2%-ത്തിൽ നിന്നും അനുവദനീയമായ 8% ആയി കുറയ്ക്കാനാണ് ശ്രമിക്കുന്നത്.

(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബാധകമല്ല.

ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ പഴക്കം

110 (3910) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളുമുണ്ട് ;

(ബി) ഇവയുടെ പഴക്കം എത്ര വരുമെന്ന് പറയുമോ ;

(സി) ഇവയിൽ ചെമ്പുകൊണ്ടുള്ള ടാൻസ്മിഷൻ ലൈനുകളുടേയും ഡിസ്ട്രിബ്യൂഷൻ ലൈനുകളുടേയും ദൈർഘ്യമെന്ത് ;

(ഡി) അലുമിനിയം കൊണ്ടുള്ള ലൈനുകളിലാണോ ചെമ്പുകൊണ്ടുള്ള ലൈനുകളിലാണോ ട്രാൻസ്മിഷൻ നഷ്ടം കൂടുതൽ അനുഭവപ്പെടുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചെമ്പുകൊണ്ടുള്ള ലൈനുകള മാറ്റി അലുമിനിയം കൊണ്ടുള്ള ലൈനുകൾ സ്ഥാപിക്കുവാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉദ്ദേശം 8063 സർക്യൂട്ട് കി.മി.ട്രാൻസ്മിഷൻ ലൈനുകളും 31,521 കി.മീ. 11 കെ. വി. ലൈനും, 1,95,995 കി.മീ. എൻ.റ്റി. ലൈനുകളുമുണ്ട്.

(ബി) പ്രസ്തുത ട്രാൻസ്മിഷൻ ലൈനുകൾ 1940 മുതൽ 2003 വരെ പല ഘട്ടങ്ങളിലായി പണിതവയാണ്. ഡിസ്ട്രിബ്യൂഷൻ ലൈനുകളിൽ ഉദ്ദേശം '55' വർഷം വരെ പഴക്കമുള്ള ലൈനുകളുമുണ്ട്.

(സി) ചെമ്പുകൊണ്ടുള്ള ട്രാൻസ്മിഷൻ ലൈൻ ഏകദേശം 559.7 കി.മീറ്ററും ഡിസ്ട്രിബ്യൂഷൻ ലൈൻ 2017 കി.മീറ്ററും വരും.

(ഡി) മൂല്യ വ്യാസമുള്ള കമ്പികളിൽ അലുമിനിയം കമ്പിക്ക് പ്രസരണ വിതരണനഷ്ടം കൂടുതലായി കാണാം.

(ഇ) ഉയർന്ന മുതൽ മുടക്കും കൈകാര്യം ചെയ്യാനുള്ള സൗകര്യവും മോഷണവുമാണ് ചെമ്പുകൊണ്ടുള്ള ലൈനുകൾ മാറ്റി അലുമിനിയം ലൈനുകൾ സ്ഥാപിക്കുവാനുള്ള പ്രധാന കാരണങ്ങൾ.

വൈദ്യുതി മോഷണത്തിന്റെ പേരിൽ സ്വീകരിച്ച നടപടി

111 (3911) ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ എന്തെല്ലാം ;

(ബി) വൈദ്യുതി മോഷണത്തിന്റെ പേരിൽ നടപടി എടുത്തവരിൽ എത്രപേർക്ക് ശിക്ഷ ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈദ്യുതിമോഷണവും അനധികൃത ഉപയോഗവും കൂടുതൽ ഫലപ്രദമായി തടയുന്നതിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് വിപുലീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (ആന്റി പവർ തെഫ്ട് സ്ക്വാഡ്) നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമായി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിന് കീഴിൽ തിരുവനന്തപുരം റീജിയണൽ യൂണിറ്റിൽ തിരുവനന്തപുരത്തും കോട്ടയത്തും രണ്ടും എറണാകുളം റീജിയണൽ യൂണിറ്റിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് എന്നിവിടങ്ങളിലായി മൂന്നും കോഴിക്കോട് റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly